**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **10-02-2025 - ൽ മറുപടിയ്ക്ക്**

**ആഗോള നിക്ഷേപക ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വാണിജ്യ-വ്യവസായ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റിഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റിഫോംസിന്റെ ഭാഗമായി നടത്തി വരുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും, സുതാര്യമായും, സമയബന്ധിതമായും ലഭ്യമാക്കുന്നതിനും, അതുവഴി കൂടുതൽ സംരംഭങ്ങൾക്ക് സംസ്ഥാനത്തിൽ വ്യവസായം ആരംഭിക്കാനുതകുന്ന ഒരു അന്തരീക്ഷം കെട്ടിപ്പടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ സംയോജിത ഫലമായാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കാനായത്. വ്യവസായ അനുമതികൾക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം, നിക്ഷേപകർക്ക് സമയബന്ധിതമായി അനുമതികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, പ്രക്രിയകൾ ലളിതമാക്കുന്നതിനും, തടസ്സങ്ങൾ നീക്കുന്നതിനുമായി നടത്തിയ നിയമ നിർമ്മാണങ്ങൾ, തുടങ്ങിയ വിവിധങ്ങളായ നടപടികൾ ബിസിനസ് ആരംഭിക്കുന്നവർക്കും നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ട്. ഇതിന്റെ ഫലമായി, വ്യവസായ വികസനം കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞതോടൊപ്പം, തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി ചുവടെ വിവരിക്കുന്ന വിശദാംശങ്ങൾ പ്രകാരം നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>• 2019-ലെ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലുള്ള ഇളവുകൾ |

പ്രയോജനപ്പെടുത്തി നാളിതുവരെ 63,726 സംരംഭകർ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ സ്വന്തമാക്കി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- സംരംഭകത്വ പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച സംരംഭക വർഷം പദ്ധതി വഴി ആകെ 3,42,936 സംരംഭങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 22010.48 കോടി രൂപ നിക്ഷേപവും 7,27,253 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.
- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചു നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി നടപ്പിലാക്കിയ കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനത്തിൽ, (Kerala Centralised Inspection System) നിലവിൽ നാല് വകുപ്പുകളെ സംയോജിപ്പിക്കാനും, അഞ്ചു ലക്ഷത്തിലധികം സംരംഭങ്ങളെ രജിസ്റ്റർ ചെയ്യിക്കാനും സാധിച്ചു.
- അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾ വഴി കെ.എസ്.ഐ.ഡി.സി.യുടെയും കിൻഫ്രയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം നിലവിൽ കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും, നിലവിൽ വന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു.
- ഇത്തരത്തിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ മൂലം സംസ്ഥാനത്ത് നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും, അതുവഴി സംസ്ഥാനത്തിന്റെ ജി.എസ്.ടി വരുമാനത്തിൽ ഏകദേശം 17% ശതമാനത്തോളം സംയുക്ത വാർഷിക വളർച്ചാ നിരക്ക് കൈവരിക്കാനും സാധിച്ചു.

നിക്ഷേപ സമാഹരണ രംഗത്ത് ഇത്തരത്തിൽ ലഭിച്ച നേട്ടങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിനും, തുടർന്നും നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനുമായി നിരവധി നിക്ഷേപ പ്രോൽസാഹന പ്രവർത്തനങ്ങളും

നടത്തി വരികയാണ്. ഇതുവഴി കേരളത്തിലേക്കുള്ള നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഗതിവേഗം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളം കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റേറ്റിംഗിൽ പ്രഭാവകരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) നടത്തുന്ന വ്യവസായ കേന്ദ്രീകൃത, പൗര സേവന പരിഷ്കാരങ്ങളുടെ ഭാഗമായുള്ള, ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ അടിസ്ഥാനമാക്കിയുള്ള, റാങ്കിങ്ങിൽ കേരളം 'ടോപ് അച്ചീവർ' സ്ഥാനം കൈവരിച്ചിട്ടുണ്ട്. ചരിത്രപരമായ ഈ നേട്ടം കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടുന്നതിനുള്ള ഒരു പ്രധാന നാഴികക്കല്ലാണ്. സംസ്ഥാന സർക്കാർ കഴിഞ്ഞ കുറേ വർഷങ്ങളിലായി നടപ്പിലാക്കിയ നിരവധി പരിഷ്കാരങ്ങളുടെയും ഫലമാണ് ഈ നേട്ടം. സംസ്ഥാനത്തേക്ക് വ്യവസായങ്ങളെ ആകർഷിക്കുവാനും നിക്ഷേപങ്ങൾ സമാഹരിക്കുവാനും ഈസ് ഓഫ് ഡൂയിങ് ബിസിനസ് റിഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി ഗുണകരമായിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തേക്കു നിക്ഷേപകരെ ആകർഷിക്കാൻ സംസ്ഥാന സർക്കാർ അനവധി നയപരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിൽ നിലവിൽ സംജാതമായിട്ടുള്ള വ്യവസായ സൗഹൃദ നയങ്ങൾ മൂലം വ്യവസായങ്ങൾ തുടങ്ങാനുള്ള ഒരു അനുകൂലമായ ആവാസവ്യവസ്ഥ സംസ്ഥാനത്തിൽ കൂടുതൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ചും നവീന ആശയങ്ങൾ വളർത്തിയും സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങളാണ് വ്യവസായ നയം 2023 മുന്നോട്ടുവയ്ക്കുന്നത്. വ്യവസായങ്ങളുടെ വികസനം സാധ്യമാകുന്നതിന് സാമ്പത്തിക പ്രോത്സാഹനങ്ങളും പിന്തുണയും വ്യാവസായിക നയപ്രകാരമുള്ള സബ്സിഡികൾ വഴി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ നൈപുണ്യം

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയും സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ്.<br><br>ഇതുകൂടാതെ സംസ്ഥാനത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം നടത്തുന്നുണ്ട്. സംസ്ഥാനതലത്തിലും ദേശീയ തലത്തിലും വ്യവസായികളെയും നിക്ഷേപകരെയും നേരിൽ കണ്ട് സംസ്ഥാനത്തേക്ക് വ്യവസായം/നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ തുടർച്ചയായി നടത്തി വരുന്നു. |
| (ബി) | നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് ഒരു സുപ്രധാന കാൽവെയ്പായ ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ഉണ്ട്. കേരളത്തിലെ നിക്ഷേപ സാധ്യതകളെ ദേശീയ-അന്തർദേശീയ നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിനായി സർക്കാർ സംഘടിപ്പിക്കുന്ന ഉച്ചകോടിയാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025. 2025 ഫെബ്രുവരി 21-22, തീയതികളിൽ കൊച്ചിയിലെ ലുലു ഗ്രാൻഡ് ഹൈയാത്ത് ഇന്റർനാഷണൽ കോൺവൻഷൻ സെന്ററിൽ (ബോൾഗാട്ടി) നടക്കുന്ന ഈ സുപ്രധാന ഉച്ചകോടി, നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ഒരു സുപ്രധാന കാൽവയ്പായിമാറും. സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദ നയങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, വ്യവസായ - നൈപുണ്യം, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ, അതിന്റെ സാധ്യതകൾ എന്നിവയെക്കുറിച്ച് സമഗ്രമായ അവബോധം നൽകുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമായാണ് ഈ സമ്മിറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ സമ്മിറ്റ് സംസ്ഥാനത്തിന്റെ പുതിയ വ്യാവസായിക നയത്തിൽ പ്രഖ്യാപിച്ച 22 മുൻഗണനാ മേഖലകൾക്ക് ഊന്നൽ നൽകുന്നു. 2,000ലധികം പ്രതിനിധികൾ സമ്മിറ്റിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 20-ലധികം സെക്ഷനുകൾ, വ്യത്യസ്ത മേഖലകളിലുള്ള ചർച്ചകൾ, വ്യവസായ വിദഗ്ധരുമായി ചർച്ചകൾ, എക്സിബിഷൻ, നെറ്റ് വർക്കിംഗ് അവസരങ്ങൾ തുടങ്ങിയവയാണ് ഉച്ചകോടിയുടെ പ്രധാന സവിശേഷതകൾ. ഈ ഉച്ചകോടി വ്യവസായ മേഖലയിലെ പ്രമുഖർ, നയരൂപീകരണ നിർണ്ണായകർ, |

| | | | |
|---|---|---|---|
| | | | സംരംഭകർ, നിക്ഷേപകർ എന്നിവരെ ഒരുമിച്ചു കൊണ്ടുവരാനുള്ള വേദിയാകും. |
| (സി) | ഇതിന്റെ ഭാഗമായി ഏതൊക്കെ മേഖലകളിൽ സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 -ന്റെ ഭാഗമായി നിരവധി മേഖലകളിൽ സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിച്ചിരുന്നു. ഫുഡ് പ്രോസസ്സിംഗ്, മാരിടൈം & ലോജിസ്റ്റിക്സ്, ബയോടെക്നോളജി, ആയുർവേദം, ഫർമസ്യൂട്ടിക്കൽ, റബ്ബർ, ഹൈ-ടെക് ഫാർമിംഗ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, റീറ്റെയ്ൽ, സ്റ്റാർട്ട് അപ്പ്, ഐ.ടി, ഹാൻഡ്‌ലൂം മുതലായ മേഖലകളിലാണ് കോൺക്ലേവുകൾ സംഘടിപ്പിച്ചത്. വിവിധ വ്യവസായ മേഖലകളിൽ നിക്ഷേപ സാധ്യതകൾ ആഴത്തിൽ ചർച്ച ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും ഈ മീറ്റിംഗുകൾ ഉപകാരപ്പെട്ടു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ന്റെ മുന്നോടിയായി ചെന്നൈ, മുംബൈ, ഡൽഹി, ബാംഗ്ലൂർ, ദുബായ് എന്നിവിടങ്ങളിൽ റോഡ് ഷോകളും സംഘടിപ്പിച്ചു. റോഡ് ഷോയുടെ ഭാഗമായി നിരവധി വ്യവസായികളുമായി യോഗങ്ങൾ നടത്തി, അതുവഴി സംസ്ഥാനത്തേക്ക് ചില നിക്ഷേപ പദ്ധതികൾ ലഭിക്കുകയും ചെയ്തു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ന്റെ ഭാഗമായി നടത്തിയ ഈ റോഡ് ഷോകളിൽ നിന്നും ലഭിച്ച ആശയങ്ങളുടെ അവലോകനം നടത്തിയതിൽനിന്നും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ റോഡ് ഷോകൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് എന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ ഡൽഹി റോഡ് ഷോയോടനുബന്ധിച്ച് മറ്റു രാജ്യങ്ങളുടെ അംബാസഡർമാരുമായും കൂടിക്കാഴ്ച നടത്തുകയുണ്ടായി. സർക്കാർ സംഘടിപ്പിച്ച റോഡ് ഷോകളും, മീറ്റിംഗുകളുമെല്ലാം വിജയകരമായിരുന്നു. |
| (ഡി) | മുംബൈയിലും ഡൽഹിയിലും നടത്തിയ റോഡ് ഷോകൾ വിജയകരമായിരുന്നോ; വ്യക്തമാക്കുമോ? | (ഡി) | മേൽ (സി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ